# Athmaraksha.org

നൊവേന

## വി. യൂദാശ്ലീഹായോടുള്ള നൊവേന-St Jude



### വി. യൂദാശ്ലീഹായോടുള്ള നൊവേന

പ്രാരംഭഗാനം (അദ്ധ്വാനിക്കുന്നവർക്കും എ.മ)
യൂദാ, വിശുദ്ധ ശ്ലീഹാ,
പ്രാർത്ഥിക്ക ഞങ്ങൾക്കായ് നീ
നിൻ ദാസർ ഞങ്ങൾക്കായ് നീ
പ്രാർത്ഥിക്ക ദയാനിധേ (3 പ്രാവശ്യം)

കാർമ്മി: അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി (3 പ്രാവശ്യം)

സമൂ: ആമ്മേൻ

കാർമ്മി : ഭൂമിയിൽ മനുഷ്യർക്കു സമാധാനവും പ്രത്യാശയും എപ്പോഴും എന്നേയ്ക്കും.

സമൂ : ആമ്മേൻ
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, (സമൂഹവും ചേർന്ന്) അങ്ങയുടെ നാമം പൂജിതമാകണമേ, അങ്ങയുടെ രാജ്യം വരണമേ! അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ മഹത്വത്താൽ സ്വർഗ്ഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു. മാലാഖമാരും മനുഷ്യരും അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ എന്നുദ്ഘോഷിക്കുന്നു. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ നാമം പൂജിതമാകണമേ, അങ്ങയുടെ രാജ്യം വരണമേ, അങ്ങയുടെ തിരുമനസ്സ് സ്വർഗ്ഗത്തിലേപ്പോലെ ഭൂമിയിലുമാകണമേ. ഞങ്ങൾക്ക് ആവശ്യമായ ആഹാരം ഇന്നു ഞങ്ങൾക്കു തരണമേ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടും ക്ഷമിക്കണമേ. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ, ദുഷ്ടാരൂപിയിൽ നിന്നും ഞങ്ങളെ രക്ഷിക്കണമേ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും അങ്ങയുടേതാകുന്നു. ആമ്മേൻ

കാർമ്മി : പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ : ആദിമുതൽ എന്നേക്കും ആമ്മേൻ. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ നാമം പൂജിതമാകണമേ, അങ്ങയുടെ രാജ്യം വരണമേ, അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ മഹത്വത്താൽ സ്വർഗ്ഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു. മാലാഖമാരും മനുഷ്യരും അങ്ങ് പരിശുദ്ധൻ, പരിശുദ്ധൻ എന്നുദ്ഘോഷിക്കുന്നു. ആമ്മേൻ.

കാർമ്മി : നിത്യനായ പിതാവേ! അങ്ങയുടെ പുത്രന്റെ നാമത്തിൽ ഒന്നിച്ചുകൂടിയിരിക്കുന്ന ഞങ്ങൾക്ക് പ്രത്യേക മദ്ധ്യസ്ഥനായി വിശുദ്ധ യൂദായെ അങ്ങു നിയമിച്ചുവല്ലോ. ആ വിശുദ്ധനിലൂടെ അങ്ങേ കൃപാകടാക്ഷം ഞങ്ങളുടെമേൽ തിരിക്കണമേ. അങ്ങയെ ആരാധിക്കുവാനും പുകഴ്ത്തുവാനും ഞങ്ങൾ കടപ്പെട്ടവരാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേയ്ക്കും ആമ്മേൻ.
സമൂ: ആമ്മേൻ

കാർമ്മി : സകലത്തിന്റെയും നാഥാ, നിന്റെ പ്രമാണത്താൽ ഞങ്ങളെ വിവേകികളാക്കേണമേ. നിന്റെ ജ്ഞാനത്താൽ ഞങ്ങളുടെ ബോധത്തെ പ്രകാശിപ്പിക്കുകയും നിന്റെ സത്യത്താൽ ഞങ്ങളുടെ ആത്മാക്കളെ പവിത്രീകരിക്കുകയും ചെയ്യേണമേ. അങ്ങനെ ഞങ്ങൾ എപ്പോഴും നിന്റെ വചനത്തിന് സാക്ഷ്യം വഹിക്കുന്നവരും കല്പനകൾ അനുസരിക്കുന്നവരും ആകട്ടെ.
സഹായി: നമുക്ക് ശ്രദ്ധാപൂർവ്വം നിന്ന് വിശുദ്ധസുവിശേഷം ശ്രവിക്കാം.

കാർമ്മി : സുവിശേഷം......

## ആശംസാപ്രാർത്ഥന

ഈശോയുടെയും അവിടുത്തെ വത്സലമാതാവായ പരിശുദ്ധ കന്യകാമറിയ ത്തിന്റെയും ഉററബന്ധുവും മഹത്വ പ്പെട്ടവനുമായ വി.യൂദാശ്ലീഹായേ ഞാൻ അങ്ങയെ വാഴ്ത്തി സ്തുതിക്കുന്നു. ഈശോയുടെ തിരുഹൃദയത്തെ പ്രതി ദൈവം അങ്ങേയ്ക്കു നൽകിയിരിക്കുന്ന എല്ലാ അനുഗ്രഹങ്ങൾക്കുമായി ദൈവത്തിനു കൃതജ്ഞതാ സ്ത്രോത്രങ്ങൾ സമർപ്പിക്കുന്നു. ഈശോയുടെ തിരുഹൃദയം വഴിയായി എന്നെ ദയവോടെ നോക്കണമെന്ന് അങ്ങേ മുമ്പിൽ സാഷ്ടാംഗപ്രണാമം ചെയ്തു കൊണ്ട് ഞാൻ അപേക്ഷിക്കുന്നു. എന്റെ എളിയ പ്രാർത്ഥനയെ അങ്ങ് അവഗണിക്കരുതേ അങ്ങിൽ എനിക്കുള്ള ദൃഢമായ വിശ്വാസത്തിന് ഇളക്കം തട്ടാതിരിക്കട്ടെ. മാനവകുലത്തിന് ഏററവും നിരാശാജനകമായ കാര്യങ്ങളിൽ സഹായം എത്തിക്കുവാനുള്ള വരം ദൈവം അങ്ങേയ്ക്കു നൽകിയിരിക്കുന്നുവല്ലൊ. ദൈവത്തിന്റെ അനുഗ്രഹങ്ങളെ പാടിപ്പുകഴ്ത്താൻ ഇടയാക്കുന്നതിനു വേണ്ടി ഓ! എന്റെ ആശ്രയമേ എന്റെ സഹായത്തിന് വേഗം വരണമേ. ആയുഷ്ക്കാലം മുഴുവൻ ഞാൻ അങ്ങയോടു കൃതജ്ഞതയുള്ളവൻ ആയിരിക്കും. സ്വർഗ്ഗത്തിൽ അങ്ങോടു നന്ദി പ്രകാശിപ്പിക്കുവാൻ കഴിയുംവരെ ഞാൻ അങ്ങയുടെ വിശ്വസ്തദാസനായിരിക്കുകയും ചെയ്യും. ആമ്മേൻ.

## കൃതജ്ഞതാഗാനം

(വാനിലെ വാരൊളി...എ.മ.)
പാരിതിൽ ഞങ്ങൾക്കു വാരി വിതറിയ
അത്ഭുതാനുഗ്രഹമൊന്നുപോലും
വിസ്മരിക്കില്ല വിശുദ്ധനാം യൂദായേ
ആശ്രിത വത്സലൻ തദ്ദേവൂസേ (പാരിതിൽ...)

രക്തബന്ധത്താലേ കന്യകാസൂനുവിൻ
ഉത്തമസ്നേഹിതനായവൻ നീ
എന്നിട്ടുമോർത്തില്ല, ലോകം, നിന്നെയാ
ഒററുകാരൻ പേരാൽ വിസ്മരിച്ചു (2) (പാരിതിൽ...)

ഇന്നിതാ കൈകൂപ്പി നിൽക്കുന്നു ഞങ്ങൾ നിൻ
നന്മ നിറഞ്ഞ മഹിമയിങ്കൽ
ആധികൾ, വ്യാധികൾ ദു:ഖങ്ങളൊക്കെയും
തീർക്കണേ, ഞങ്ങളെ രക്ഷിക്കണേ (2) (പാരിതിൽ...)

അനുഗ്രഹീതനായ ശ്ലീഹായേ, പൂർണ്ണ വിശ്വാസത്തോടെ ഞങ്ങൾ അങ്ങേ മാദ്ധ്യസ്ഥ്യം അപേക്ഷിക്കുന്നു. (3 പ്രാവശ്യം)
ആലംബഹീനരുടെ സഹായമായ വി.യൂദായേ, നിസ്സഹായാവസ്ഥയിൽ ഞങ്ങളെ സഹായിക്കണമേ. (3 പ്രാവശ്യം)

കാറോസൂസാ

കാർമ്മി: അങ്ങേ മാദ്ധ്യസ്ഥ്യം വഴി ദൈവജനത്തെ മുഴുവൻ ക്രൈസ്തവവിശ്വാസത്തിൽ തീക്ഷണതയുള്ളവരാക്കിത്തീർക്കണമെന്ന്
സമൂ : വി.യൂദായേ, ഞങ്ങൾ അങ്ങയോടപേക്ഷിക്കുന്നു. ഞങ്ങളുടെ അപേക്ഷ കേൾക്കേണമേ.

കാർമ്മി: തിരുസഭയുടെ തലവനായ പരി. പാപ്പായെയും സഭാധ്യക്ഷന്മാരെയും വൈദികഗണത്തെയും സംരക്ഷിക്കണമെന്നും തിരുസഭയ്ക്കു സമാധാനവും ഐക്യവും പ്രദാനം ചെയ്യണമെന്നും
സമൂ : വി.യൂദായേ, ഞങ്ങൾ അങ്ങയോടപേക്ഷിക്കുന്നു. ഞങ്ങളുടെ അപേക്ഷ കേൾക്കേണമേ.

കാർമ്മി: ഞങ്ങളുടെ ഹൃദയങ്ങളിൽ വിശ്വാസവും ശരണവും ഉപവിയും ഒന്നിനൊന്ന് വർദ്ധിച്ച് വരുവാൻ സഹായിക്കേണമെന്ന്
സമൂ : വി.യൂദായേ, ഞങ്ങൾ അങ്ങയോടപേക്ഷിക്കുന്നു. ഞങ്ങളുടെ അപേക്ഷ കേൾക്കേണമേ.

കാർമ്മി : പിശാചിന്റെ തന്ത്രങ്ങളിൽ നിന്നും ദുഷ്ടവിചാരങ്ങളിൽ നിന്നും ഞങ്ങളെ വിമുക്തരാക്കേണമെന്ന്
സമൂ : വി.യൂദായേ, ഞങ്ങൾ അങ്ങയോടപേക്ഷിക്കുന്നു. ഞങ്ങളുടെ അപേക്ഷ കേൾക്കേണമേ.

കാർമ്മി : പാപത്തിൽ നിന്നും പാപഹേതുക്കളായ സകല സാഹചര്യങ്ങളിൽ നിന്നും ഞങ്ങളെ സംരക്ഷിക്കേണമെന്ന്
സമൂ : വി.യൂദായേ, ഞങ്ങൾ അങ്ങയോടപേക്ഷിക്കുന്നു. ഞങ്ങളുടെ അപേക്ഷ കേൾക്കേണമേ.

കാർമ്മി : വിശുദ്ധന്മാരുടെ ഗണത്തിൽ ഞങ്ങൾ കൂടിച്ചേരുവാനും ദൈവസാന്നിദ്ധ്യത്തിൽ നിത്യാനന്ദത്തിന് ഞങ്ങൾകൂടി പങ്കാളികളാകുവാനും സഹായിക്കേണമെന്ന്
സമൂ : വി.യൂദായേ, ഞങ്ങൾ അങ്ങയോടപേക്ഷിക്കുന്നു. ഞങ്ങളുടെ അപേക്ഷ കേൾക്കേണമേ.

കാർമ്മി : മാനസികവും ശാരീരികവുമായ രോഗങ്ങളിൽ നിന്നു കഷ്ടത അനുഭവിക്കുന്ന ഞങ്ങൾക്ക് ദൃശ്യമായ സഹായവും ആശ്വാസവും എത്തിച്ചുതരണമെന്ന്
സമൂ : വി.യൂദായേ, ഞങ്ങൾ അങ്ങയോടപേക്ഷിക്കുന്നു. ഞങ്ങളുടെ അപേക്ഷ കേൾക്കേണമേ.

കാർമ്മി : കുടുംബസമാധാനവും മനസമാധാനവും ഇല്ലാതെ വലയുന്ന ഞങ്ങളുടെ കുടുംബങ്ങളെയും ജീവിതത്തെയും യഥാർത്ഥ സമാധാനത്തിൽ നിറക്കേണമെന്ന്
സമൂ : വി.യൂദായേ, ഞങ്ങൾ അങ്ങയോടപേക്ഷിക്കുന്നു. ഞങ്ങളുടെ അപേക്ഷ കേൾക്കേണമേ.

കാർമ്മി : ഞങ്ങളുടെ ജീവിതത്തെ അലട്ടുന്ന ആത്മീയവും ലൗകികവുമായ എല്ലാ പ്രശ്നങ്ങളിൽ നിന്നും ഞങ്ങളെ വിമുക്തരാക്കി ദൈവമക്കളുടെ സ്വാതന്ത്ര്യത്തോടെ ജീവിക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കണമെന്ന്
സമൂ : വി.യൂദായേ, ഞങ്ങൾ അങ്ങയോടപേക്ഷിക്കുന്നു. ഞങ്ങളുടെ അപേക്ഷ കേൾക്കേണമേ.

കാർമ്മി : എല്ലാറ്റിനും ദൈവതിരുമനസ്സ് മനസ്സിലാക്കുവാനും അതിനു സന്തോഷപൂർവ്വം കീഴ്‌വഴങ്ങി ജീവിക്കുവാനും വേണ്ട ശക്തി ഞങ്ങൾക്കു നൽകേണമെന്ന്
സമൂ : വി.യൂദായേ, ഞങ്ങൾ അങ്ങയോടപേക്ഷിക്കുന്നു. ഞങ്ങളുടെ അപേക്ഷ കേൾക്കേണമേ.

(ഇവിടെ അവസരോചിതമായ മറ്റു പ്രാർത്ഥനകൾ ചേർക്കാവുന്നതാണ്)
കാർമ്മി : വി.യൂദായേ, ഞങ്ങൾക്കും അങ്ങേ മാദ്ധ്യസ്ഥ്യം അപേക്ഷിക്കുന്ന സകലർക്കും വേണ്ടി പ്രാർത്ഥിക്കണമേ. ഈശോമിശിഹായുടെ വാഗ്ദാനങ്ങൾക്ക് ഞങ്ങൾ യോഗ്യരാകുവാൻ
സമൂ : വി. യൂദായേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ.

ഗാനം (യേശു എനിക്കെത്ര എ.മ.)

മിശിഹാ തൻ വിശ്വസ്ത ദാസനാകും
സ്നേഹിതൻ വിശുദ്ധ യൂദാശ്ലീഹാ
ഫലസിദ്ധിയില്ലാതെ ഉഴലുന്ന വേളയിൽ
മദ്ധ്യസ്ഥനായങ്ങ് പ്രാർത്ഥിക്കണേ.

എക്കാലത്തും നിൻ ഭക്തരിൽ
ദിവ്യാനുഗ്രഹങ്ങൾ വർഷിക്കണേ
കഷ്ടതയിൽ നൽ തുണയായ്
ദു:ഖത്തിൽ ആശ്വാസമേകിടണേ. (മിശിഹാതൻ.......)

ഉള്ളം കലങ്ങും പ്രയാസങ്ങളിൽ
ഉണ്ടെനിക്കഭയ സ്ഥാനമൊന്ന്
താഴ്ചകൾ വന്നാലും വീഴ്ചകൾ വന്നാലും
താങ്ങി നടത്തുന്ന വല്ലഭനായ് (എക്കാലത്തും.......)

ഭാഗ്യവാനായ വിശുദ്ധ യൂദാ
അങ്ങേ സ്തുതികളെ ലോകമെങ്ങും
നിത്യവും പാടി സ്തുതിക്കുവാനായി നീ
കൃപ ചൊരിഞ്ഞീട്ടു ദയാനിധിയേ (എക്കാലത്തും.......)

നമുക്കു പ്രാർത്ഥിക്കാം

രക്തസാക്ഷിയും ക്രിസ്തുനാഥന്റെ ബന്ധുവുമായ മഹത്വമേറിയ വി.യൂദായേ അങ്ങേ സന്നിധിയിൽ ഞങ്ങളിതാ വന്നണയുന്നു. ഇന്നു മുതൽ ഞങ്ങളുടെ എല്ലാ ദുർന്നടത്തങ്ങളും ഉപേക്ഷിക്കുവാനും ദുർവിചാരങ്ങളിൽ നിന്നു ഞങ്ങൾ വിമുക്തരാകുവാനും അങ്ങു ഞങ്ങളെ സഹായിക്കണമേ. ആപത്തുകളിലും വിഷമഘട്ടങ്ങളിലും അങ്ങേ സഹായം ഞങ്ങൾക്കുണ്ടാകുമാറാകട്ടെ. ഞങ്ങളുടെ എല്ലാ ആവശ്യങ്ങളിലും ഞങ്ങളെ സഹായിക്കുകയും സ്വർഗ്ഗം പ്രാപിച്ച് അങ്ങയോടൊത്ത് മഹത്വമേറിയ ത്രിതൈ്വകദൈവത്തെ സ്തുതിച്ചാരാധിക്കുവാൻ ഞങ്ങൾക്ക് ഇടവരുത്തുകയും ചെയ്യണമേ. ആമ്മേൻ.

നൊവേന പ്രാർത്ഥന (ചൊല്ലിക്കൊടുക്കുന്നു)

ഈശോയുടെ വിശ്വസ്തദാസനും സ്നേഹിതനും അപ്പസ്തോലനുമായ വിശുദ്ധ യൂദായേ ദിവ്യഗുരുവിനെ ശത്രുക്കളുടെ കരങ്ങളിൽ ഏൽപ്പിച്ചുകൊടുത്തവന്റെ പേരിനോട് അങ്ങയുടെ പേരിനുള്ള സാമ്യം പലരും അങ്ങയെ മറക്കുവാൻ കാരണമാക്കിയല്ലോ. എങ്കിലും നിരാശാജനകവും അസാധ്യവുമായ കാര്യങ്ങളുടെ മദ്ധ്യസ്ഥനായി തിരുസഭ അങ്ങേ സാർവ്വത്രികമായി വണങ്ങുകയും അങ്ങേ സഹായം അപേക്ഷിക്കുകയും ചെയ്യുന്നു. വളരെയധികം കഷ്ടപ്പെടുന്ന എനിക്കിവേണ്ടി പ്രാർത്ഥിക്കണമേ ആശയററ സന്ദർഭങ്ങളിൽ ദൃശ്യമായ സഹായം അതിവേഗം പ്രദാനം ചെയ്യുന്നതിന് അങ്ങേയ്ക്കു സംസിദ്ധമായിരിക്കുന്ന പ്രത്യോകാനുകൂല്യത്തെ എനിക്കുവേണ്ടി വിനിയോഗിക്കണമെന്ന് ഞാനങ്ങയോടഭ്യർത്ഥിക്കുന്നു.

എന്റെ എല്ലാ ആവശ്യങ്ങളിലും കഷ്ടതകളിലും ദു:ഖങ്ങളിലും പ്രത്യേകിച്ച് ... (നിയോഗം)... സ്വർഗ്ഗത്തിൽ നിന്നുള്ള സഹായവും ആശ്വാസവും കിട്ടുന്നതിനുമായി ഈ വലിയ ആവശ്യനേരത്ത് എന്റെ സഹായത്തിന് എത്തേണമെ. അങ്ങനെ അങ്ങയോടും മറെറല്ലാവിശുദ്ധരോടും കൂടെ ദൈവത്തെ അനവരതം സ്തുതിക്കുന്നതിന് എനിക്ക് ഇടയാകട്ടെ. ഓ! വാഴ്ത്തപ്പെട്ട വി യൂദായേ ഈ വലിയ അനുഗ്രഹത്തെ ഞാൻ എന്നും സ്മരിക്കുന്നതാണെന്നും എന്റെ ശക്തിയുള്ള പ്രത്യേക മദ്ധ്യസ്ഥനായി അങ്ങയെ വണങ്ങുന്നതിൽ ഞാൻ ഒരിക്കലും കുറവു വരുത്തുകയില്ലെന്നും അങ്ങയോടുള്ള ഭക്തി പ്രചരിപ്പിക്കുന്നതിന് എന്റെ സർവ്വകഴിവുകളും വിനിയോഗിക്കുന്നതാണെന്നും ഞാൻ ഇതാ പ്രതിജ്ഞ ചെയ്യുന്നു. ഏററവും നീതിയുള്ളതും ആരാധ്യവും ഉന്നതവുമായ ദൈവത്തിന്റെ ഇഷ്ടം എല്ലാ കാര്യങ്ങളിലും എന്നും എന്നേയ്ക്കും സ്തുതിക്കപ്പെടുകയും പുകഴ്ത്തപ്പെടുകയും വാഴ്ത്തപ്പെടുകയും ചെയ്യട്ടെ. എളിമയുടെ മാതൃകയും സഹനത്തിന്റെ കണ്ണാടിയും ശുദ്ധതയുടെ ലില്ലി പുഷ്പവും ദൈവസ്നേഹത്തിന്റെ ജ്വാലയുമായ വി. യൂദായെ

ഞങ്ങൾക്കുവേണ്ടി മാദ്ധ്യസ്ഥം അപേക്ഷിക്കണമെ. ദുഃഖിതരുടെ ആശ്വാസവും പാപികളുടെ സങ്കേതവും വിഷമിക്കുന്നവരുടെ സഹായിയും അസാദ്ധ്യകാര്യങ്ങളുടെ മദ്ധ്യസ്ഥനുമായ വി. യൂദായേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ.

കൃതജ്ഞതാപ്രാർത്ഥന

സ്വർഗ്ഗവാസികൾ പരി. ത്രിത്വത്തെ സ്തുതിക്കുന്ന അവർണ്ണനീയമായ സ്തുതിഗീതങ്ങളോട് ചേർന്നുകൊണ്ട് ഓ! ഈശോയേ അങ്ങയുടെ ബന്ധുവും തെരഞ്ഞെടുക്കപ്പെട്ട അപ്പസ്തോലനുമായ വി. യൂദായേ അലങ്കരിക്കുവാൻ അങ്ങ് തിരുമനസ്സായ എല്ലാ അനുഗ്രഹങ്ങൾക്കും ആനുകൂല്യങ്ങൾക്കുവേണ്ടി ഞാൻ അങ്ങയെ സ്തുതിക്കുകയും വാഴ്ത്തുകയും അങ്ങേക്ക് നന്ദി പറയുകയും ചെയ്യുന്നു. ഓ! അത്ഭുതപ്രവർത്തകനായ വി. യൂദാശ്ലീഹായേ എന്റെ സങ്കടസമയത്തുള്ള പ്രാർത്ഥനകളിൽ മനസ്സലിഞ്ഞ് അങ്ങ് എനിക്ക് തന്ന അനുഗ്രഹപൂർണ്ണമായ സഹായങ്ങൾക്ക് ഞാൻ അങ്ങയോട് പ്രതിനന്ദിയുള്ളവനായിരുന്നുകൊള്ളാം. ഈ സ്നേഹലക്ഷ്യവുമായി ഞാൻ എന്നേക്കും അങ്ങയോട് ഞാൻ കടപ്പെട്ടിരിക്കുന്നു. വി. യൂദായേ, എന്റെ പരീക്ഷണഘട്ടങ്ങളിലും എന്നോടുകൂടി ഉണ്ടായിരിക്കുകയും എന്റെ സഹായത്തിന് എത്തുകയും ചെയ്യണമേ. എല്ലാററിനും അധികമായി എന്റെ മരണസമയത്ത് എന്നോടുകൂടി ഉണ്ടായിരിക്കുകയും ശത്രുക്കളുടെ കെണിയിൽ നിന്ന്, എന്റെ പ്രയാസങ്ങളിൽ നിന്ന് എന്നെ സംരക്ഷിക്കുകയും ചെയ്യണമെ.

ഗാനം

സ്വർഗ്ഗത്തിൽ നിന്നാഗതമാം
ജീവൻ നൽകുമൊരപ്പം നീ
മർത്യനു മുക്തി പകർന്നരുളും
നിത്യമഹോന്നതമപ്പം നീ

മാനവരേ, മോദമോടെ
നാഥനെ വാഴ്ത്തിപ്പാടിടുവിൻ
ദൈവത്തിൻ പരിപാവനമാം
സന്നിധിചേർന്നു വണങ്ങിടുവിൻ...സ്വർഗ്ഗത്തിൽ

ദിവ്യശരീരം മാനവനായ്
നൽകിയ നാഥനെ വാഴ്ത്തിടുവിൻ
ദിവ്യനിണത്താൽ പാപികളെ
നേടിയ നാഥനെ വാഴ്ത്തിടുവിൻ...സ്വർഗ്ഗത്തിൻ

(ഈ പാട്ടിന്റെ സമയത്ത് പരി. കർബാനയെ വീണ്ടും ധൂപിക്കുന്നു. ഗാനം അവസാനിക്കുമ്പോൾ പുരോഹിതൻ മുട്ടിന്മേൽ നിന്നുകൊണ്ടു താഴെ വരുന്ന പാട്ട് പാടുന്നു.)

ഗാനം

പുരോ: പരിശുദ്ധ ശരീരത്താലും
വിലയേറിയ രക്തത്താലും
പാപത്തിൻ കറകളിൽ നിന്നും
മർത്ത്യനു നീ മോചനമേകി

സമൂ: സകലേശാ ദിവ്യകടാക്ഷം
ഏകണമേ വത്സലസുതരിൽ
നിർമ്മലരായ് ജീവിച്ചീടുവാൻ
ചിന്തണമെ ദിവ്യവരങ്ങൾ

സമാപനഗാനം

(നിത്യവിശുദ്ധയാം...എ.മ.)

ഈശോമിശിഹാ തൻ വത്സല ശിഷ്യൻ
വിശുദ്ധനാം യൂദാശ്ലീഹാ
നിൻപദം തേടിയണഞ്ഞീടും ഞങ്ങളെ
കാത്തുരക്ഷിച്ചീടണേ (2) (ഈശോ)

ചുററിലും ദു:ഖക്കടൽതിരയാർക്കുന്ന
ജീവിതയാനത്തിലൂടെ (2)
നിന്റെ വിളക്കുമരത്തിന്റെ ള്ളവെട്ടം
തേടിവരുന്നൂ ഞങ്ങൾ എന്നും
തേടിവരുന്നൂ ഞങ്ങൾ (2) (ഈശോ)

സാദ്ധ്യമല്ലാത്തതായൊന്നും നിനക്കില്ല
ഓർത്തുവണങ്ങുന്നൂ ഞങ്ങൾ (2)
അത്ഭുതസംഭവനേ, നിന്റെ നാമമീ
പാരാകെ, പാടിടട്ടെ..നിത്യം
പാരകെ പാടിടട്ടെ

ലുത്തിനിയാ
കന്യാമേരി സുതന്റെ
ബന്ധുവാം യൂദാശ്ലീഹാ
ദൈവത്തിൽ ശ്രേഷ്ഠ ശിഷ്യാ
ഞങ്ങൾക്കായ് പ്രാർത്ഥിക്കണേ.
ജീവിതവേദിയിങ്കൽ
നാഥൻ തൻ മേരിയെയും
ദർശിച്ച യൂദാശ്ലീഹേ
ഞങ്ങൾക്കായ് പ്രാർത്ഥിക്കണേ.

രക്ഷിതാവിൻ വത്സലാ
വിശുദ്ധ യൂദാശ്ലീഹാ
ഈശോ നാഥന്റെ ശിഷ്യാ
ഞങ്ങൾക്കായ് പ്രാർത്ഥിക്കണേ.

അന്ത്യഭോജനനേരം
നാഥൻ തൻ പക്കൽനിന്നും
ദിവ്യാപ്പം ഭക്ഷിച്ചോനെ
ഞങ്ങൾക്കായ് പ്രാർത്ഥിക്കണേ.

നാഥൻ തൻ ഉത്ഥാനത്താൽ
മാനസം സന്തോഷിച്ച
വിശുദ്ധനാം യൂദായേ
ഞങ്ങൾക്കായ് പ്രാർത്ഥിക്കണേ.

പന്തക്കുസ്താനാളിൽ താൻ
പരിശുദ്ധാത്മാവോടൊപ്പം
സമ്പൂരിതനാം ഗുരോ
ഞങ്ങൾക്കായ് പ്രാർത്ഥിക്കണേ.

പേർഷ്യാ തൻ ജനതയ്ക്ക്
ദിവ്യദീപ്തി നൽകിയ

ദിവ്യവരൻ ശ്ലീഹായേ
ഞങ്ങൾക്കായ് പ്രാർത്ഥിക്കണേ.

പരിശുദ്ധാത്മപിയാൽ
അത്ഭുതങ്ങൾ ചൊരിഞ്ഞ
ദിവ്യനാം ശിഷ്യ ഗുരോ
ഞങ്ങൾക്കായ് പ്രാർത്ഥിക്കണേ.

വിഗ്രഹങ്ങൾ പൂജിച്ച
അരചന പൂർണ്ണ സൗഖ്യം
നൽകിയോനാം യൂദായേ
ഞങ്ങൾക്കായ് പ്രാർത്ഥിക്കണേ.

ദുർഭൂതങ്ങളകററി
അവയ്ക്കന്ത്യം നൽകിയ
ധീരനാം യൂദാശ്ലീഹാ
ഞങ്ങൾക്കായ് പ്രാർത്ഥിക്കണേ.

ധീരരാം ശത്രുക്കളും
മിത്രരായ് തീരുമെന്ന്
വാഗ്ദാനം ചെയ്ത ശ്ലീഹാ
ഞങ്ങൾക്കായ് പ്രാർത്ഥിക്കണേ.

ക്രൂരദംഷ്ട്രങ്ങളിൽപ്പെ-
ട്ടുഴലും നരർക്കാശ്വാസം
ഏകുവോനാം യൂദായേ
ഞങ്ങൾക്കായ് പ്രാർത്ഥിക്കണേ.

പാദം തെല്ലും പതറാതെ
നാഥൻ തൻ ദിവ്യ ദൗത്യം
നിർവ്വഹിച്ച യൂദായേ
ഞങ്ങൾക്കായ് പ്രാർത്ഥിക്കണേ.

നാഥനോടുള്ള സ്നേഹത്താൽ
വീരജന്മം നേടിയ
ധീരനാം യൂദാശ്ലീഹാ
ഞങ്ങൾക്കായ് പ്രാർത്ഥിക്കണേ.

വി. യൂദാശ്ലീഹായുടെ മാദ്ധ്യസ്ഥം വഴി അനുഗ്രഹങ്ങൾ സ്വീകരിക്കുന്നതിന്

1.തുടർച്ചയായി 9 ദിവസം പരിശുദ്ധകുർബാനയിൽ സംബന്ധിച്ച് വി. കുർബാന സ്വീകരിക്കുക. നൊവേന പ്രാർത്ഥനയിൽ സംബന്ധിക്കുക.
2.വിശുദ്ധന്റെ നാമത്തിൽ നടത്തുന്ന നൊവേനയിൽ പങ്കെടുക്കുക
3.നൊവേന പ്രാർത്ഥനകൾ നടത്തിക്കുക.
4.വിശുദ്ധന്റെ നാമത്തിൽ ദാനധർമ്മങ്ങളും നേർച്ചകളും അർപ്പിക്കുക.
5.ഉപവാസങ്ങളും ത്യാഗങ്ങളും അനുഷ്ഠിക്കുക.